**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1045** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഗാർഹിക കിണറുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെ; ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത് ;വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള മഴവെള്ള സംരക്ഷണം ഭൂജല പരിപോഷണം പദ്ധതിയുടെ ഭാഗമായി കെ.ആർ.ഡബ്ല്യ.എസ്സ്.എ മുഖാന്തിരം ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനും പരിപാലനതിനുമായി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നു. 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി 10 ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 1670 കിണറുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ ജോലികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. നടപ്പ സാമ്പത്തിക വർഷത്തിൽ ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുവാനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുവാൻ കഴിഞ്ഞ സംരക്ഷണ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വീട്ടുകളിലെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം പാത്തി, പൈപ്പ്, ഫിൽറ്റർ സംവിധാനം എന്നിവ സ്ഥാപിച്ച് റീചാർജ്ജ് ചെയ്യുക, ആൾമറ, കിണറിന്റെ ചുറ്റും പ്ലാറ്റ് ഫോം, കിണർ വൃത്തിയാക്കൽ, പമ്പ്സെറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. കിണർ റീച്ചാർജ്ജിംഗ് ഒഴികെയുള്ള ആനുകൂല്യം ബി പി എൽ കുടുംബങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി യാണ് നടപ്പിലാക്കുന്നത്. ഏറെ പ്രയോജന കരമായ ഈ പദ്ധതി കൂടുതൽ വീട്ടുകളിലേയ്ക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം 460 കിണറുകൾ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നതിലൂടെ |

| | | | |
|---|---|---|---|
| | | | കിണറുകളുടെ സംരക്ഷണം, ശുചിത്വം, പരിപാലനം സർവ്വോപരി ഈ സ്രോതസ്സുകൾ സുസ്ഥിര ജല ലഭ്യതയുള്ളതാക്കി മാറ്റുക എന്നിവയാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ